# കിനാവിലെ കെട്ടുതികൾ

എം. എൻ. കാരശ്ശേരി



കിനാവിലെ കെട്ടുതികൾ

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Der Schmetterling, a painting by John Collier (1850–1934). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കിനാവിലെ കെട്ടുതികൾ

അതിസുന്ദരിയായ ഒരു പെൺകിടാവ് പൂർണനഗ്നയായി കുളിച്ചും കളിച്ചും രസിക്കുന്ന ഒരു താഴ്വാരത്തിലേക്ക് ഞാൻ നടന്നുചെല്ലുന്നു. പൂമണവുമായി ഇളംകാറ്റ്. വെയിലിൽ വെട്ടിത്തിളങ്ങുന്ന പൊയ്ക. കിളികളുടെ 'കുഹൂ കുഹൂ നിനാദം.' കാട്ടുപൊന്തകളും വള്ളിക്കുടിലുകളും ഏതോ സുരഭിലരഹസ്യം അടക്കിപ്പിടിച്ചതുപോലെ. ചുരുക്കത്തിൽ ഞാൻ വായിച്ചുപഠിച്ചതെല്ലാം ഒരുങ്ങിയിരിക്കുന്നു...

ഇതെന്തു പുതുമ എന്ന് ഞാൻ അമ്പരന്നു. ആ സുന്ദരിക്ക് എന്നെക്കണ്ടിട്ട് യാതൊരു കൂട്ടവുമില്ല. ഒരാണായ ഞാൻ ഇങ്ങനെ വടിപോലെ നിന്നിട്ടും—

പെട്ടെന്ന് എനിക്ക് ഒരു ബോധോദയം ഞാൻ ഒരാണല്ലായിരിക്കുമോ? ആണല്ലെങ്കിലും ഇങ്ങനെ ഒരു മനുഷ്യജീവി ഇവിടെ ഉണ്ടെന്നെങ്കിലും കണക്കാക്കണ്ടേ?

അപ്പോഴാണ് എനിക്ക് വെളിവായത്: ഞാൻ ഒരു പോത്താണ്. പോത്തിന്റെ മുമ്പിൽ ഉടുതുണി ഉരിയുന്നതിൽ അധാർമികമായി ഒന്നുമില്ല.

പൊടുന്നനെ സംഗതി പ്രശ്നവത്ക്കരിക്കപ്പെട്ടു. ഇതാരുടെ സ്വപ്നമാണ്? മനുഷ്യൻ പോത്തിനെപ്പറ്റി സ്വപ്നം കാണുകയാണോ, അതോ പോത്ത് മനുഷ്യനെപ്പറ്റി സ്വപ്നം കാണുകയാണോ? പോത്തുകൾക്ക് എന്നു മുതലാണ് ധാർമികപ്രശ്നങ്ങളും നഗ്നതാചിന്തകളും ഉണ്ടായത്?

അടുത്ത നിമിഷത്തിൽ പെട്ടെന്ന് പെൺകിടാവ് അപ്രത്യക്ഷയായി. അവിടെ കീടനാശിനിയുടെ വലിയ കുപ്പി. ഉടനെ പിൻഭാഗത്തുനിന്നൊരു വിളിയാളം: "ഈ സ്വപ്നം നിങ്ങൾക്കായി സ്പോൺസർ ചെയ്യുന്നത്—" ഞാൻ വിളിച്ചുകൂവി: "സ്റ്റോപ്പ്! ഇതെന്റെ സ്വപ്നമാണ്. എന്റെ സമ്മതമില്ലാതെ—"

അപ്പോൾ സ്വപ്നസുന്ദരി വീണ്ടും പ്രത്യക്ഷപ്പെട്ട് മധുരവാണിയിൽ ചോദിച്ചു. "എന്താ പോത്തേ, ഒച്ചയെടുക്കുന്നത്? സമ്മതം വാങ്ങിയാൽ എന്താ വിശേഷം?"

"അല്ല. ആ പരസ്യത്തിന്റെ കാശ് എനിക്ക് വാങ്ങാമായിരുന്നു" എന്ന് പറഞ്ഞതും ഞാനുണർന്നുപോയി.

മാതൃഭൂമി: 23 സെപ്റ്റംബർ 1999.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014